പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 368 | 27.02.2017 -ൽ മറുപടിക്ക്.

**എഫ്.സി.ഐ. ഗോഡൗണുകളിലെ കൂലി തർക്കം**

| ചോദ്യം<br>**ശ്രീ.അടൂർ പ്രകാശ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2016 നവംബർ, ഡിസംബർ മാസങ്ങളിൽ എഫ്.സി.ഐ. ഗോഡൗണുകളിൽ ഉണ്ടായ കൂലി തർക്കം മൂലം റേഷനരി വിതരണം താളം തെറ്റിയിരുന്നോ; | (എ) 2016 നവംബർ, ഡിസംബർ മാസങ്ങളിൽ എഫ്.സി.ഐ ഗോഡൗണുകളിൽ ഉണ്ടായ കൂലി തർക്കം മൂലം റേഷനരി വിതരണത്തിൽ ചെറിയ കാലതാമസം നേരിട്ടെങ്കിലും തടസ്സങ്ങൾ ദിവസങ്ങൾക്കുളളിൽ തന്നെ പരിഹരിച്ചിട്ടുണ്ട്. |
| (ബി) അരിക്ക് പൊതു കമ്പോളത്തിൽ റിക്കാർഡ് വിലവർദ്ധനവിന് സാഹചര്യമൊരുക്കിയത് പ്രസ്തുത കൂലി തർക്കം പരിഹരിക്കുന്നതിൽ വന്ന വീഴ്ചയാണെന്നത് വസ്തുതയാണോ; | (ബി) അല്ല. |
| (സി) കൂലി തർക്കം പരിഹരിക്കുന്നതിന് രണ്ട് മാസം സമയമെടുത്ത സാഹചര്യമെന്താണെന്ന് വിശദമാക്കാമോ; | (സി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയില്ലെന്ന കാരണത്താൽ കേന്ദ്ര സർക്കാർ എ.പി.എൽ നിരക്കിൽ നല്കി വന്നിരുന്ന അരിക്ക് നവംബർ മാസം മുതൽ താങ്ങുവില നിരക്ക് ഈടാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കൂടിയ നിരക്ക് നല്കിയാലേ അരി വിട്ടെടുക്കാൻ അനുവദിക്കുയുള്ളൂവെന്ന് എഫ്.സി.ഐ നിലപാട് സ്വീകരിക്കുകയും ചെയ്തു. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ വിട്ടെടുപ്പിന് എഫ്.സി.ഐ-യെ സമീപിച്ച സമയത്ത് എഫ്.സി.ഐ തൊഴിലാളികൾ അട്ടിക്കൂലി നല്കാത്തതിന്റെ പേരിൽ പണിമുടക്ക് നടത്തി സാധനങ്ങൾ കയറ്റി നല്കിയില്ല. എഫ്.സി.ഐ അധികൃതരുടെ നിസ്സഹരണവും തൊഴിലാളി പ്രശ്നവും ഇക്കാര്യത്തിലുണ്ടായി. എന്നാൽ സർക്കാർ വിവിധ തൊഴിലാളി സംഘടനാ പ്രതിനിധി കളുമായി ചർച്ച നടത്തുകയും ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെടുത്തുവർക്കെതിരെ KESMA ഉൾപ്പെടെയുളള കർശന നടപടി സ്വീകരിക്കാൻ തീരുമാനിച്ചതിന്റെയും അടിസ്ഥാനത്തിൽ വിട്ടെടുപ്പ് പൂർത്തിയാക്കി. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ലഭ്യമായ ഭക്ഷ്യധാന്യം മുൻഗണനാ |

| | | |
|---|---|---|
| | | വിഭാഗങ്ങളുടെ കരട് ലിസ്റ്റ് അനുസരിച്ച് വിതരണത്തോത് ക്രമീകരിച്ച് ഓരോ ജില്ലകൾക്കും വീതിച്ചു നല്കാനും നിലവിൽ എഫ്.സി.ഐ യിൽ ഒടുക്കിയ തുകയ്ക്ക് പുറമെ പുതിയ നിരക്ക് പ്രകാരം എഫ്.സി.ഐ യിൽ പണമൊടു ക്കൽ എല്ലാം കൂടി ഒരു അനിശ്ചിതത്വം ഉണ്ടായി. ടി കാരണങ്ങളാ ലുണ്ടായ കാലതാമസം പരിഗണിച്ച് നവംബർ മാസത്തെ വിട്ടെടുപ്പ് ഡിസംബർ മാസം 31 വരെയും, ഡിസംബർ മാസത്തെ വിട്ടെടുപ്പ് ജനുവരി 14 വരെയും നീട്ടി നല്കി. ഫെബ്രുവരി മാസത്തെ വിട്ടെടുപ്പ് പൂർത്തിയാക്കി വിതരണം നടത്തി ക്കൊണ്ടിരിക്കുന്നു. |
| (ഡി) | അട്ടിമറിക്കൂലിയിനത്തിൽ ഒരു വർഷം എത്രകോടി രൂപയുടെ അധിക ബാധ്യത സർക്കാരിന് ഉണ്ടാകുമെന്ന് അറിയിക്കാമോ? | (ഡി) അധിക ബാധ്യത കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ